**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4997** **20-07-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കൃത്യമായി കാർഡ് പുതുക്കിയിട്ടും ഇതുവരെ ഒരു തൊഴിലിനും വിളിക്കാത്തവർക്ക് എത്ര വയസ്സ് വരെ കാർഡ് പുതുക്കണമെന്ന് അറിയിക്കുമോ; | (എ) | 14 വയസ്സ് പൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും സ്ഥിര മേൽവിലാസത്തിലുള്ള താമസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാം. ടി രജിസ്ട്രേഷൻ ഓരോ മൂന്ന് വർഷം കൂടുംതോറും പുതുക്കേണ്ടതാണ്. അത്തരത്തിൽ പുതുക്കൽ നടത്തുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സ് ആണ്. |
| (ബി) | കാർഡ് കൃത്യമായി പുതുക്കിയിട്ടുള്ളതും 50 വയസ്സ് പൂർത്തിയായിട്ടുള്ളതുമായ വ്യക്തികളിൽ ഇത് വരെ കൂടിക്കാഴ്ചയ്ക്ക് ശിപാർശ ചെയ്യപ്പെടാത്തവർ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട് ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിയമന മാനദണ്ഡങ്ങളിൽ മുഖ്യമായത് സീനിയോറിറ്റി ആണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 14 വയസ്സിൽ പേര് രജിസ്റ്റർ ചെയ്യാമെന്നിരിക്കെ മിക്ക ഉദ്യോഗാർത്ഥികളും വർഷങ്ങൾക്കു ശേഷമാണ് രജിസ്റ്റർ ചെയ്യുന്നത്. ഇത് ടി ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന സീനിയോറിറ്റി പട്ടികയിൽ അവരെ വളരെയധികം പിന്നിലാക്കുന്നു. കൂടാതെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. ആയതിന് ആനുപാതികമായി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്നില്ല. അറിയിക്കപ്പെടുന്ന ഒഴിവുകളിൽ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത, സംവരണം, വയസിളവ്, മുൻഗണന, മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നാമനിർദേശ പട്ടിക നൽകുന്നത്. അത്തരത്തിൽ നാമനിർദേശ പട്ടിക തയ്യാറാക്കുമ്പോൾ മേൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ മാത്രമേ ലിസ്റ്റിൽ ഉൾപ്പെടുന്നുള്ളൂ. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ |

| | | | |
|---|---|---|---|
| | സർക്കാരിന്റെ പരിഗണനയിലുണ്ടോ? | | നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു .<br><br>1. മൊബൈൽ ആപ്ലിക്കേഷൻ :-<br><br>എംപ്ലോയ്മെന്റ് വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.<br><br>2. സ്മാർട്ട് കാർഡ് :- ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കാർഡ് പ്രിന്റിംഗിന് ആവശ്യമായ മോഡ്യൂൾ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തുകയും ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് നൽകുകയും ചെയ്തു.<br><br>3. ഡാറ്റാ ഡിജിറ്റൈസേഷൻ:-<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മാന്വൽ രജിസ്ട്രേഷൻ രേഖകൾ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടലിലെ ഡാറ്റാ ബേസുമായി ബന്ധിപ്പിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.<br><br>4. പ്രൈവറ്റ് ജോബ് പോർട്ടൽ:-<br><br>കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി എംപ്ലോയ്മെന്റ് വകുപ്പ് പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചു വരികയാണ്.<br><br>5. പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്:-<br><br>കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തികമാന്ദ്യവും സംഭവിക്കുന്ന സാഹചര്യത്തിൽ പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ